**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 29** **05-12-2022 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലന നിയമത്തിൽ വരുത്തിയ ഭേദഗതികളും ഇളവുകളും**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. എച്ച്. സലാം</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>2011-ലെ തീരദേശ പരിപാലന നിയമത്തിൽ 2019 നവംബറിൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതികളും ഇളവുകളും വിശദമാക്കാമോ;</td><td>(എ)</td><td>
<table>
<tr><th>2011 CRZ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ</th><th>2019 വിജ്ഞാപന പ്രകാരമുള്ള ഭേദഗതികൾ</th></tr>
<tr><td>CRZ II-ൽ ഉൾപ്പെടുന്ന നഗര പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് FSI/FAR, 1991- ലെ FAR തലത്തിൽ നിജപ്പെടുത്തിയിരിക്കുന്നു.</td><td>നിർമ്മാണ പദ്ധതികൾക്ക് നിലവിലുള്ള അംഗീകൃത FSI അനുവദിക്കുന്നതാണ്.</td></tr>
<tr><td>പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്ന തീരപ്രദേശങ്ങളെ CRZ III -ൽ ഉൾപ്പെടുത്തിയിരിക്കുന്നു</td><td>തീരദേശ നിയന്ത്രണ മേഖലയിലുൾപ്പെടുന്ന ഗ്രാമ പ്രദേശങ്ങളെ 2 പ്രത്യേക വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.<br><br>എ. CRZ III A:- 2011 ലെ സെൻസസ് പ്രകാരം ഒരു ചതുരശ്ര കിലോമീറ്ററിനുള്ളിൽ 2161-ലേ ജനസംഖ്യയുള്ള പ്രദേശങ്ങളാണിത്. ഈ പ്രദേശങ്ങൾക്ക് നിലവിൽ നാഗരിക സവിശേഷതകൾ ഉള്ളതിനാൽ വികസന നിഷിദ്ധ മേഖല HTL- നിന്നും 200 മീറ്റർ ആയിരുന്നത് 50 മീറ്ററായി നിജപ്പെടുത്തി.<br><br>ബി. CRZ III B:- 2011 ലെ സെൻസസ് പ്രകാരം ചതുരശ്ര കിലോമീറ്ററിൽ 2161-ൽ താഴെ ജനസംഖ്യയുള്ള ഗ്രാമ പ്രദേശങ്ങൾ ഇതിൽപ്പെടുന്നു. ഈ പ്രദേശങ്ങളിൽ വികസന നിഷിദ്ധ മേഖല നിലവിലുള്ളതു പോലെ</td></tr>
</table>
</td></tr>
</table>

<table>
<tr><td></td><td></td><td></td><td><table>
<tr><td></td><td>HTL-ൽ നിന്നും 200 മീറ്റർ എന്ന നിബന്ധന തുടരും.</td></tr>
<tr><td>എല്ലാ ദ്വീപുകൾക്കും വികസന നിഷിദ്ധ മേഖല 50 മീറ്ററായി വ്യവസ്ഥ ചെയ്തിരിക്കുന്നു.</td><td>എല്ലാ ദ്വീപുകൾക്കും വികസന നിഷിദ്ധ മേഖല 20 മീറ്ററായി നിജപ്പെടുത്തി.</td></tr>
</table></td></tr>
<tr><td>(ബി)</td><td>സംസ്ഥാനത്ത് ഈ ഇളവുകൾ നടപ്പാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കാമോ;</td><td>(ബി)</td><td>2019 CRZ വിജ്ഞാപനത്തിലെ clause 6 (I) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിയ്ക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ.<br><br>2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം അനുവദിച്ച ഇളവുകൾ ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)- ൽ നിന്ന് ലഭിച്ചാൽ ടി പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കും. ടി അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി കേരള സർക്കാരിന്റെ ശുപാർശയോടുകൂടി കരട് പ്ലാൻ 2023 ഏപ്രിൽ മാസത്തോടു കൂടി നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.</td></tr>
<tr><td>(സി)</td><td>സംസ്ഥാനത്ത് തീരദേശ പ്ലാൻ തയ്യാറാക്കുന്നതിന് ഏത് ഏജൻസിയെ, എന്നാണ് ചുമതലപ്പെടുത്തയത്; ഇവർ തയ്യാറാക്കിയ തീരദേശ പ്ലാനിന്</td><td>(സി)</td><td>2019 CRZ വിജ്ഞാപനത്തിലെ clause 6 (I) പ്രകാരം ടി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിയ്ക്കുന്ന മുറയ്ക്ക് മാത്രമേ ടി വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് പ്രാബല്യത്തിൽ വരികയുള്ളൂ.</td></tr>
</table>

| | | | |
|---|---|---|---|
| | കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | | 2019 ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് തിരുവനന്തപുരത്തെ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത്. 2019 CRZ വിജ്ഞാപനത്തന്റെ അടിസ്ഥാനത്തിലുള്ള ഒരു പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം തീരദേശ പരിപാലന അതോറിറ്റിയ്ക്ക് (KCZMA) ലഭ്യമാക്കിയിട്ടുണ്ട്. 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം - പരിസ്ഥിതി -കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അറിയിച്ചിട്ടുണ്ട്. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന പഞ്ചായത്തുകൾക്ക് കൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും. കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയം അനുവദിച്ച ഇളവുകൾ ഡ്രാഫ്റ്റ് പ്ലാനിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറായി ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രം (NCESS)- ൽ നിന്ന് ലഭിച്ചാൽ ടി പ്ലാനിന്മേൽ 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ 10 തീരദേശ ജില്ലകളിലും പബ്ലിക് ഹിയറിംഗ് നടത്തുന്നതാണ്. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് നാഷണൽ സെന്റർ ഫോർ സസ്റ്റൈനബിൾ കോസ്റ്റൽ മാനേജ്മെന്റിന്റെ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കും. ടി അഭിപ്രായങ്ങൾ/ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിണി കമ്മിറ്റി പരിശോധിച്ച് ആവശ്യമായ തിരുത്തൽ വരുത്തി കേരള സർക്കാരിന്റെ ശുപാർശയോടുകൂടി കരട് പ്ലാൻ 2023 ഏപ്രിൽ മാസത്തോടു കൂടി നാഷണൽ കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | തീരദേശത്തെ കൂടുതലായ ജനസാന്ദ്രത കണക്കിലെടുത്ത് ഗ്രാമ പഞ്ചായത്തുകളെ കാറ്റഗറൈസ് ചെയ്യുന്നതുമൂലം പല ഗ്രാമ പഞ്ചായത്തുകളും കാറ്റഗറി III ബി-യിൽ പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. 2019 CRZ വിജ്ഞാപനപ്രകാരം 2011 ലെ സെൻസസ് അടിസ്ഥാനത്തിൽ ചതുരശ്ര കിലോമീറ്ററിൽ 2161-ൽ താഴെ ജനസംഖ്യയുള്ള ഗ്രാമ പ്രദേശങ്ങളാണ് CRZ III Bയിൽ ഉൾപ്പെടുന്നത്. CRZ വിജ്ഞാപനത്തിൽ പ്രത്യേകമായ ഇളവുകൾ അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. |
| (ഇ) | ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്. 2019 CRZ വിജ്ഞാപനപ്രകാരം 2011 ലെ സെൻസസ് അടിസ്ഥാനത്തിൽ ചതുരശ്ര കിലോമീറ്ററിൽ 2161-ൽ താഴെ ജനസംഖ്യയുള്ള ഗ്രാമ പ്രദേശങ്ങളാണ് CRZ III Bയിൽ ഉൾപ്പെടുന്നത്. CRZ വിജ്ഞാപനത്തിൽ പ്രത്യേകമായ ഇളവുകൾ അനുവദിക്കാൻ സംസ്ഥാന സർക്കാരിന് അധികാരമില്ല. |

സെക്ഷൻ ഓഫീസർ